16

## കൃത്യനിഷ്ഠ

“ഇതെന്താ, നിനക്ക് തോന്നിയ സമയത്താണോ സ്കൂളിൽ വരുന്നത്?” എന്ന് പലപ്പോഴും നാം സ്കൂളിൽ വെച്ച് കേട്ടതാണ്. അധ്യാപകർ അങ്ങനെ ചോദിക്കുന്നത് നമ്മുടെ കുറ്റം കൊണ്ടാണ്. സ്കൂളിൽ നേരം വൈകിയെത്തുന്നത് അധ്യാപകരെ പ്രയാസപ്പെടുത്തും.

ഓരോ സംഗതിക്കും ഓരോ സന്ദർഭവും സമയവുമുണ്ട്. അത് തെറ്റിച്ചാൽ എല്ലാം തെറ്റും. യഥാസമയം പാലിക്കുമ്പോഴാണ് എല്ലാം വിജയത്തിലെത്തുക.

എല്ലാറ്റിനും ടൈംടേബിൾ വേണം. എഴുന്നേറ്റതു മുതൽ നമ്മുടെ എല്ലാ കാര്യങ്ങളും അതനുസരിച്ചാണ് ചെയ്യേണ്ടത്. എങ്കിലേ ജീവിതത്തിലെ ഓരോ കാര്യത്തിനും കൃത്യനിഷ്ഠ ഉണ്ടാവുകയുള്ളൂ.

പഠിക്കാനുള്ള സമയത്ത് പഠിക്കണം. കളിക്കാനുള്ള സമയത്ത് കളിക്കണം. ഉറങ്ങാനുള്ള സമയത്ത് ഉറങ്ങണം. ഈ സമയം ഒരിക്കലും തെറ്റിക്കരുത്.

ചില കുട്ടികളുണ്ട്. മാതാപിതാക്കളെ അനുസരിക്കാതെ കളിക്കാൻ പോകും. കളി കഴിഞ്ഞു വന്നാൽ അവർക്ക് മാർക്കറ്റിൽ പോകാൻ ഉണ്ടാകും. മാർക്കറ്റിൽനിന്ന് വരുന്നത് നേരം വൈകിയായിരിക്കും. അതിനാൽ അന്നത്തെ പഠനവും മുടങ്ങും. ഈ രീതി ഒരിക്കലും അരുത്.

പഠിക്കാനുള്ള സമയം മറ്റൊന്നിനും മാറ്റിവെക്കരുത്. കൃത്യനിഷ്ഠയും ചിട്ടയും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് വിജയിക്കാൻ സാധിക്കുകയുള്ളൂ. സമയത്തെ ശരിയായ രിതിയിൽ വിനിയോഗിക്കാൻ പഠിക്കണം. ഓർഡർ തെറ്റിച്ചു ചെയ്യുമ്പോഴാണ് നമുക്ക് ഒരു കാര്യവും ശരിയായ രീതിയിൽ ചെയ്യാൻ സാധിക്കാത്തത്. അത് നമ്മുടെ പരാജയത്തിന് പോലും കാരണമാകും.

കൃത്യനിഷ്ഠയുടെ ഭാഗമാണ് നിയമങ്ങൾ അനുസരിക്കൽ. ഓരോ നിയമവും വിജയത്തിന് വേണ്ടിയുള്ളതാണ്. ലോകം മുഴുവനും ഓരോ വിധത്തിലുള്ള നിയമത്തിന് വിധേയമായാണ് ദൈവം സൃഷ്ടിച്ചത്. ജീവിതത്തിൻെറ സംതുലനം സാധിക്കാനാണത്. അതുപോലെ നിയമങ്ങൾ അനുസരിക്കുമ്പോഴാണ് നമ്മുടെ ജീവിതവും വിജയപ്രദമാകുന്നത്.

സ്കൂളിലെ ഒരു നിയമവും നമുക്ക് എതിരല്ല. അതിൻെറ ഭാഗം തന്നെയാണ് സമയകണിശത പാലിക്കൽ. കൃത്യനിഷ്ഠ പാലിക്കുന്നതും നമ്മുടെ തന്നെ ഗുണത്തിനാണ്. കൃത്യനിഷ്ഠ പാലിക്കാത്തവരും അതിഷ്ടപ്പെടാത്തവരും പഠിക്കാൻ മടിയുള്ളവരും അലസന്മാരുമാണ്. നാം അവരെപ്പോലെയാകരുത്.